# വാക്കുകൾ ശ്രദ്ധിക്കുന്ന ദൈവം

## മലാഖി 3:16–17

"യഹോവഭക്തന്മാർ അന്നു തമ്മിൽ തമ്മിൽ സംസാരിച്ചു, യഹോവ ശ്രദ്ധവച്ചു കേട്ടു. യഹോവ ഭക്തന്മാർക്കും അവന്റെ നാമത്തെ സ്മരിക്കുന്നവർക്കും വേണ്ടി അവന്റെ സന്നിധിയിൽ ഒരു സ്മരണ പുസ്തകം എഴുതി വെച്ചിരിക്കുന്നു."

ദൈവമക്കളുടെ സംസാരത്തെ ശ്രദ്ധവെച്ച് കേൾക്കുകയും തന്റെ നാമത്തെ സ്മരിക്കുന്നവരുടെ പേരുകൾ എഴുതി അത് യഹോവയുടെ വരുവാനുള്ള ദിവസത്തിൽ ഒരു നിക്ഷേപമാക്കി സൂക്ഷിച്ചു വയ്ക്കുകയും ചെയ്യുന്ന സ്നേഹവാനായ ഒരു പിതാവിനെയാണ് നാം ഈ വാക്യത്തിലൂടെ കാണുന്നത്. നമ്മുടെ വാക്കുകളും പ്രവൃത്തികളും എഴുതി സൂക്ഷിക്കുന്ന ഒരു ദൈവമാണ് നമ്മുടെ ദൈവമെങ്കിൽ നാം എത്ര മാത്രം നമ്മുടെ നാവിനെയും ഹൃദയത്തെയും വിശുദ്ധമായി സൂക്ഷിക്കണം, കാരണം ഹൃദയം നിറഞ്ഞു കവിയുന്നതാണ് അധരം സംസരിക്കുന്നത്.

ഇന്ന് നാം ആയിരിക്കുന്ന ജീവിതമേടുകളിൽ നമ്മുടെ നാവിനെ കടിഞ്ഞാണിട്ടു സൂക്ഷിക്കാൻ നമുക്ക് സാധിക്കുന്നുണ്ടോ? ലോകമനുഷ്യരേക്കാൾ ഹീനമായ വാക്കുകളാണ് ഇന്ന് ദൈവമക്കൾ അറിഞ്ഞോ അറിയാതെയോ പലപ്പോഴും ഉപയോഗിക്കുന്നത്. മറ്റുള്ളവരെ അനുഗ്രഹിക്കാൻ വിളിക്കപ്പെട്ട നാം നമ്മുടെ നാവു കൊണ്ട് പലരേയും വിധിക്കുന്നു, ശപിക്കുന്നു, പരിഹസിക്കുന്നു, പിറുപിറുക്കുന്നു. ദൈവത്തെ സ്തുതിക്കുന്ന അതേ നാവു കൊണ്ട് നാം സഹോദരനെ ശപിക്കുന്നു. ഇതെല്ലാം ദൈവം ശ്രദ്ധവച്ചു കേൾക്കുന്നു എന്ന് വചനം നമ്മെ ഓർമ്മിപ്പിക്കുന്നു. ഇതൊക്കെ ഒരു ദൈവപൈതലിനു യോജിച്ച പ്രവൃത്തികളാണോ എന്നു നാം നമ്മെ തന്നെ ശോധന ചെയ്തു നോക്കണം.

നമ്മുടെ വാക്കുകൾ ഉപ്പിനാൽ രുചിവരുത്തിയതും കേൾക്കുന്നവർക്ക് ആത്മീക വർദ്ധനവ് വരുത്തുന്നതുമായിരിക്കണം എന്നു വചനം നമ്മെ ഓർമ്മിപ്പിക്കുന്നു. എന്നാൽ യാഥാർഥത്തിൽ ഇതാണോ സംഭവിക്കുന്നത്. 1 കൊരിന്ത്യർ 10:10 ൽ ഇപ്രകാരം പറയുന്നു "അവരിൽ ചിലർ പിറുപിറുത്തു സംഹാരിയാൽ നശിച്ചു പോയതു പോലെ നിങ്ങൾ പിറുപിറുക്കയുമരുത്." അനേകം അത്ഭുതങ്ങളും അടയാളങ്ങളും കണ്മുന്നിൽ കണ്ട യിസ്രായേൽ ജനം പിന്നെയും പിന്നെയും പരാതി പറഞ്ഞു ദൈവത്തെ പരീക്ഷിച്ചു മരുഭൂമിയിൽ പട്ടുപോയി. ഇത് നമുക്കൊരു താക്കീതാണ്. നമ്മുടെ ഹൃദയത്തിന്റെ നിരൂപണങ്ങളും വായിലെ വാക്കുകളും ദൈവം അറിയുന്നു. മാലാഖി 3:13 ൽ പറയുന്നു

“നിങ്ങളുടെ വാക്കുകൾ എന്റെ നേരെ അതികഠിനമായിരിക്കുന്നു എന്നു യഹോവ അരുളിച്ചെയ്യുന്നു.” പുറപ്പാട് 16:11–12 ൽ യഹോവ മോശയോട് “യിസ്രായേൽമക്കളുടെ പിറുപിറുപ്പ് ഞാൻ കേട്ടിരിക്കുന്നു.” യിസ്രായേൽ മക്കൾ കരഞ്ഞ് നിലവിളിച്ചപ്പോൾ അതിനെ കേട്ടവനായ ദൈവം അവരുടെ പിറുപിറുപ്പും കേട്ടു എന്നു നാം ഓർക്കണം കൂടാതെ അതു ദൈവത്തെ വേദനിപ്പിക്കാനും കോപിപ്പിക്കാനും കാരണമായിത്തീർന്നു. ദൈവമക്കളായ നാമും ഇന്ന് പലപ്പോഴും ഇതു പോലെയാണ്, ദൈവം നമ്മുടെ നിലവിളിയും യാചനയും പ്രാർഥനയും എല്ലാം ശ്രദ്ധവച്ചു കേൾക്കുന്നു. അതു പോലെ തന്നെ നമ്മുടെ പരാതിയും പിറുപിറുപ്പും ശാപവാക്കുകളും. ഇന്ന് ജീവിത പ്രതിസന്ധികളുടെ മദ്ധ്യത്തിൽ നമ്മുടെ വാക്കുകൾ എപ്രകാരമാണെന്ന് നാം ശോധന ചെയ്യണം.

അതു കൊണ്ട് നമ്മുടെ ജീവിതത്തിന്റെ ദിശയെ തന്നെ മാറ്റാൻ കഴിവുള്ള നമ്മുടെ നാവിനെയും വാക്കിനെയും നാം സൂക്ഷിക്കണം. അനുഗ്രഹത്തിന്റെ വാക്കുകൾ, സ്തുതിയുടെയും, സ്തോത്രത്തിന്റെയും, നന്ദിയുടെയും വാക്കുകൾ എല്ലായ്പ്പോഴും നമ്മുടെ നാവിൽ നിന്ന് ഉയരട്ടെ. അതിനായി പ്രാർത്ഥിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:

സദൃശ്യ വാക്യങ്ങൾ 15:4

നാവിന്റെ ശാന്തത ജീവവൃക്ഷം, അതിന്റെ വക്രതയോ മനോവ്യസനം.

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 073